**പതിമൂന്നാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2832 20.07.2011 -ൽ മറുപടിയ്ക്ക്

**വന സംരക്ഷണ സേനയെ സുസജ്ജമാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.പി.സി.ജോർജ്ജ്**<br>**ഡോ.എൻ.ജയരാജ്**<br>**ശ്രീ.തോമസ് ഉണ്ണിയാടൻ** | **ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തിന്റെ വനസമ്പത്ത് കാത്തു പരിപാലിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത് ; | (എ) വനമേഖലയെ സെക്ഷനുകളും ബീറ്റുകളുമായി തിരിച്ച് വനസംരക്ഷണ ജീവനക്കാരെ നിയമിച്ച് വനസമ്പത്ത് കാത്തു പരിപാലിക്കുന്ന രീതിയാണ് തുടരുന്നത്. ഈ പ്രവർത്തനങ്ങൾക്ക് പിൻബലം നൽകുന്നതിനായി ഫോറസ്റ്റ് ഫ്ളൈയിംഗ് സ്ക്വാഡും പ്രവർത്തിക്കുന്നു. സംഘടിത വനംകൈയ്യേറ്റം, വനംകൊള്ള, വന്യ മൃഗവേട്ട എന്നിവ ഫലപ്രദമായി നേരിടുന്നതിന് 1988 മുതൽ പോലീസ് സ്റ്റേഷൻ മാതൃകയിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. 1988-ലെ കേന്ദ്ര വന നയത്തിന്റെ ഭാഗമായി വനാശ്രിത സമൂഹങ്ങളുടെ കൂട്ടായ്മയായ വനസംരക്ഷണ സമിതികൾ, ഇക്കോ ഡവലപ്മെന്റ് കമ്മറ്റികൾ എന്നിവ രൂപീകരിച്ച് പങ്കാളിത്ത വനപരിപാലനത്തിലൂടെ കൂടുതൽ കാര്യക്ഷമമായി വനസമ്പത്ത് കാത്തു സൂക്ഷിക്കുന്നു. 2001 - ൽ കോന്നി, നിലമ്പൂർ എന്നിവിടങ്ങളിൽ പോലീസ് സേനാംഗങ്ങളെ ഉൾപ്പെടുത്തി രൂപികരിച്ച റാപിഡ് ആക്ഷൻ ഫോഴ്സും |

പ്രവർത്തിച്ചു വരുന്നു. വനപാലകർക്ക് പരിമിതമായ തോതിലാണെങ്കിലും തോക്ക്, റിവോൾവർ എന്നിവയും നൽകിയിട്ടുണ്ട്. വനം കൈയ്യേറ്റം, വ്യാജവാറ്റ്, കഞ്ചാവു കൃഷി, വന്യജീവി വേട്ട, സംഘടിത മരംമുറി, ചന്ദനമര മോഷണം എന്നിവക്കു സാധ്യതയുള്ള പ്രദേശങ്ങളിൽ ശക്തമായ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

വനംകൊള്ളയെപ്പറ്റി രഹസ്യ വിവരം ശേഖരിക്കുന്നതിന് വനം ഇന്റലിജൻസ് സെൽ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനാന്തര വനംകൊള്ള തടയുന്നതിന് വനംമന്ത്രിമാരുടെ നേതൃത്വത്തിൽ ചർച്ചകളും പരിപാടികളും നടപ്പാക്കുന്നു.

(ബി) നിലവിലുള്ള സംവിധാനങ്ങൾ വനസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും പര്യാപ്തമാണോ? വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള സംവിധാനങ്ങൾ വന സംരക്ഷണത്തിനും പരിപാലനത്തിനും ഏറെക്കുറെ പര്യാപ്തമാണ്.

(സി) വനസമ്പത്ത് കാക്കുന്ന വനപാലകർക്ക് ഇപ്പോൾ നൽകിയിട്ടുള്ള ആയുധങ്ങൾ എന്തെല്ലാമാണ് ; ഇവ സുസജ്ജരായ വനംകൊള്ളക്കാരെ നേരിടാൻ പര്യാപ്തമാണോ; വിശദാംശങ്ങൾ നൽകുമോ

(സി) 0.303 റൈഫിൾ, 0.315 റൈഫിൾ, 0.32 റിവോൾവർ/പിസ്റ്റൾ എന്നിവയാണ് വനപാലകർക്കു നൽകിയിട്ടുള്ള ആയുധങ്ങൾ. ഇവ വനംകൊള്ളക്കാരെ നേരിടുവാൻ ഏറെക്കുറെ പര്യാപ്തമാണ്.

(ഡി) സംസ്ഥാനത്ത് ഫോറസ്റ്റർ, ഗാർഡ്, വാച്ചർ തസ്തികകളിൽ ആവശ്യത്തിന് ജീവനക്കാരുണ്ടോ ;

(ഡി) സംസ്ഥാനത്ത് ഫോറസ്റ്ററുടെ 913 തസ്തികകളും ഫോറസ്റ്റു ഗാർഡുമാരുടെ 2474 തസ്തികകളും വാച്ചർമാരുടെ 216

| | | | |
|---|---|---|---|
| | ഈ തസ്തികകളിൽ എത്ര ഒഴിവുകളാണ് നികത്തപ്പെടേണ്ടത് ; വ്യക്തമാക്കുമോ ; | | തസ്തികകളും ആണ് ഉള്ളത്. ഈ എണ്ണം പര്യാപ്തമല്ല. ഇപ്പോൾ ഫോറസ്റ്റർമാരുടെ 16 ഒഴിവുകളും ഫോറസ്റ്റു ഗാർഡുമാരുടെ 120 ഒഴിവുകളും റിസർവ്വ് ഫോറസ്റ്റ് വാച്ചർമാരുടെ 41 ഒഴിവുകളും നിലവിലുണ്ട്. |
| (ഇ) | പോലീസ് സ്റ്റേഷൻ മാതൃകയിൽ ഫോറസ്റ്റ് സ്റ്റേഷൻ പരിഷ്കരിച്ചും ജീവനക്കാരുടെ ഒഴിവുകൾ നികത്തിയും ആധുനിക ആയുധങ്ങൾ നൽകിയും വനസംരക്ഷണ സേനയെ സുസജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | ഫോറസ്റ്റ് സ്റ്റേഷനുകളുടെ പരിഷ്കരണം, നിലവിലുള്ള ഒഴിവുകൾ നികത്തൽ എന്നിവക്ക് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ